പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1670 — 25.03.2013 ൽ മറുപടിക്ക്

**ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ എം വി ശ്രേയാംസ് കുമാർ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യ മന്ത്രി) |
| എ) ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) | കേരളത്തിൽ വയനാട്, പത്തനംതിട്ട ജില്ലകളിൽ ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. 34 പദ്ധതികൾ കേന്ദ്ര സർക്കാർ ഈ പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും വയനാട്, പത്തനംതിട്ട ജില്ലകളിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകളും സ്ത്രീകൾക്ക് വേണ്ടിയുള്ള ജനനി സുരക്ഷയോജന പദ്ധതിയുമാണ് ഇപ്പോൾ നടപ്പാക്കുവാനായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) പ്രസ്തുത പദ്ധതിയുടെ വയനാട് ജില്ലയിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ; | (ബി) | Direct Benefit Transfer പദ്ധതിയിലൂടെ വയനാട് ജില്ലയിൽ ജനനി സുരക്ഷാ യോജന പദ്ധതിയുടെ 129 ഗുണഭോക്താക്കൾക്കായി 89,800/- രൂപ ബാങ്ക് അക്കൗണ്ട് വഴി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. വിവിധ സ്കോളർഷിപ്പുകൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സെൻട്രൽ പ്ലാൻ സ്കീം മോണിറ്ററിംഗ് സിസ്റ്റം മുഖേന ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുകയും, എല്ലാ ഗുണഭോക്താക്കൾക്കും ആധാർ നമ്പറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. 11785 ഗുണഭോക്താക്കളുടെ ആധാർ നമ്പർ ശേഖരിക്കുകയും ആയതിൽ 4867 ഗുണഭോക്താക്കളുടെ ആധാർ നമ്പർ ഡേറ്റാബേസിൽ മാപ്പിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) ജില്ലയിലെ എല്ലാ ഗുണഭോക്താക്കൾക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) | വയനാട് ജില്ലയിലെ നിലവിലുള്ള 16753 ഗുണഭോക്താക്കളിൽ 14925 പേർക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ഡി) | ആനുകൂല്യങ്ങൾ ബാങ്ക് വഴി നൽകുന്ന പദ്ധതി ഭാഗികമായി ആരംഭിച്ചു കഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തോടെ പൂർണ്ണ തോതിൽ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ